**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3105** **18-03-2022 - ൽ മറുപടിയ്ക്ക്**

**തെയ്യം കലാകാരൻമാർക്കു സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ പ്രദേശത്ത് തെയ്യം കലാകാരൻമാർ നേരിടുന്ന ജീവിത പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് കാലത്ത് ക്ഷേത്രങ്ങളിൽ തെയ്യം അവതരിപ്പിക്കാൻ സാധിക്കാത്തതു മൂലമുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. തെയ്യം കലാകാരന്മാരുടെ സംരക്ഷണത്തിന് വേണ്ടി സഹായധനം അനുവദിക്കുന്നതിനായി സർക്കാർ തെയ്യം കലാ അക്കാദമി രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന തെയ്യം കലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് 2020-21 സാമ്പത്തിക വർഷം 25 ലക്ഷം രൂപ പ്രത്യേക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് കാലത്ത് ക്ഷേത്രങ്ങളിൽ തെയ്യം അവതരിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ തെയ്യം കലാകാരന്മാർക്ക് സാമ്പത്തിക സഹായം അനുവദിക്കുമോ; | (ബി) | കോവിഡ് കാലത്ത് ക്ഷേത്രങ്ങളിൽ തെയ്യം അവതരിപ്പിക്കാൻ സാധിക്കാത്തതു മൂലമുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. തെയ്യം കലാകാരന്മാരുടെ സംരക്ഷണത്തിന് വേണ്ടി സഹായധനം അനുവദിക്കുന്നതിനായി സർക്കാർ തെയ്യം കലാ അക്കാദമി രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന തെയ്യം കലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് 2020-21 സാമ്പത്തിക വർഷം 25 ലക്ഷം രൂപ പ്രത്യേക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (സി) | തെയ്യം സീസൺ ഉത്സവം ആയതിനാൽ മറ്റ് സീസണിൽ ഇവർക്കുവേണ്ടി എന്തെങ്കിലും ക്ഷേമ പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കുമോ? | (സി) | ഫോക് ലോർ അക്കാദമി നിരവധിയായ പദ്ധതികൾ തെയ്യം കലാകാരന്മാർക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ തെയ്യം കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് അനുവദിച്ച കോവിഡ് സമാശ്വാസമായ ആയിരം രൂപ നൽകിയിട്ടുണ്ട്. അക്കാദമി പുരസ്കാരങ്ങൾ നൽകി കലാകാരന്മാരെ ആദരിക്കാറുണ്ട്. അവശ കലാകാരന്മാരുടെ ചികിത്സക്കായി ധനസഹായം അനുവദിക്കാറുണ്ട്. തെയ്യം കേന്ദ്രീകൃത |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരണങ്ങൾ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ